പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

നിയമസഭാ ചോദ്യം നമ്പർ : 3061 — 13.07.2015-ൽ മറുപടിക്ക്.

## കണ്ണൂർ ജില്ലയിലെ പഴയങ്ങാടിയിൽ ഫയർ സ്റ്റേഷൻ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. റ്റി.വി. രാജേഷ് | ശ്രീ. രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| (എ) കണ്ണൂർ ജില്ലയിലെ മാടായിപ്പാറയിൽ ഇടയ്ക്കിടെ ഉണ്ടാവുന്ന തീപ്പിടുത്തവും കല്ല്യാശ്ശേരിയിൽ ഉണ്ടാവുന്ന ടാങ്കർ ലോറി അപകടവും പഴയങ്ങാടി വ്യാപാരമേഖല, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, പരിയാരം മെഡിക്കൽ കോളേജ്, പരിയാരം ആയുർവ്വേദ കോളേജ് എന്നിവ കണക്കിലെടുത്തും പഴയങ്ങാടി കേന്ദ്രമായി ഒരു ഫയർ സ്റ്റേഷൻ ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ; ഇക്കാര്യത്തിൽ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | : (എ) കണ്ണൂർ ജില്ലയിലെ പഴയങ്ങാടിയിൽ ഫയർ സ്റ്റേഷൻ ആരംഭിക്കുന്നതിനായി മാടായിപ്പാറയിൽ തിരുവർക്കാട്ട്കാവ് ക്ഷേത്രത്തിന്റെ അധീനതയിലുള്ള 50 സെന്റ് സ്ഥലം കണ്ടെത്തുകയും, ജല ലഭ്യത ഉറപ്പ് വരുത്തുന്നതിനായി കുഴൽ കിണർ കുഴിക്കുന്നതിനോ മറ്റ് ജല സ്രോതസുകൾ കണ്ടെത്തുന്നതിനോ വേണ്ടി ഗ്രാമപഞ്ചായത്ത് അധികാരികളുമായി ബന്ധപ്പെട്ട നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) നിലവിൽ ഫയർ സ്റ്റേഷൻ ഇല്ലാത്ത കല്ല്യാശ്ശേരി നിയോജക മണ്ഡലത്തിൽ മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്തി പഴയങ്ങാടിയിൽ ഫയർ സ്റ്റേഷൻ ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ? | : (ബി) 21.12.2011 ലെ സ.ഉ (സാധാ) 3764/2011/ആഭ്യന്തരം ഉത്തരവ് പ്രകാരം അടുത്ത അഞ്ച് വർഷത്തിനുള്ളിൽ ആരംഭിക്കുവാൻ ഉദ്ദേശിച്ച് പുറപ്പെടുവിച്ചിട്ടുള്ള ഫയർ സ്റ്റേഷനുകളുടെ പട്ടികയിൽ പഴയങ്ങാടി ഉൾപ്പെട്ടിട്ടില്ല. എങ്കിലും, സ്വന്തമായി സ്ഥലവും കെട്ടിടവും ലഭ്യമാകുന്ന മുറയ്ക്ക് പഴയങ്ങാടിയിൽ ഫയർ സ്റ്റേഷൻ ആരംഭിക്കുവാൻ നടപടികൾ സ്വീകരിക്കാവുന്നതാണ്. |

Beena

സെക്ഷൻ ഓഫീസർ